(ബി) ഷിഫ്ട് സമ്പ്രദായം വിദ്യാഭ്യാസപുരോഗതിക്കും അദ്ധ്യാപകന്മാരുടെ നന്മക്കും ഹാനികരമാണെന്നുള്ളതിനെക്കുറിച്ചു സർവ്വെണ്ടിലേക്കു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ് :

(എ) ഷിഫ്ട് സമ്പ്രദായം ഏർപ്പെടുത്തണമെന്നുള്ള കല്പന റദ്ദുചെയ്തിട്ടില്ല. താല്ക്കാലികമായി മാറ്റിവെക്കുവാൻ മാത്രമെ കല്പന പുറപ്പെടുവിച്ചിട്ടുള്ളൂ. ആ കല്പന പുറപ്പെടുവിച്ചിട്ടുള്ളതു് ഫെർവ്വരി ഒക്ടോബർ ടു ന്യൂ-ാംനു- ആണു്. ഷിഫ്ട് സമ്പ്രദായം തുടരണമോ വേണ്ടയോ എന്നുള്ള കാര്യം ഗവർമ്മെണ്ടിന്റെ പുനഃപരിശോധനയിൽ ഇരിക്കുന്നു.

(ബി) ഉണ്ടു്.

CORRUPTION AND WASTE IN FOOD DEPARTMENT—DETAILS REGARDING

219. (100) മിസ്റ്റർ എ. ഈച്ചരമേനോൻ : താഴെ എഴുതിയിരിക്കുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യവകുപ്പിൽ കൈക്കൂലിയും മറ്റും നടമാടുന്നുണ്ടെന്നു പൊതുജനങ്ങളും വർഷങ്ങളും വർഷങ്ങളും ഗവർമ്മെണ്ടു് അറിഞ്ഞിട്ടില്ലയോ;

(ബി) വളരെ അധികം ധാന്യങ്ങൾ അജാഗ്രതകൊണ്ടു ഭക്ഷ്യശൂന്യമായിപ്പോകുന്നുണ്ടെന്നറിയാമോ;

(സി) ഇന്നു് എത്ര ചാക്കു് അരി ഭക്ഷണത്തിനു് ഉപയോഗിക്കാൻ കൊള്ളാത്തവിധത്തിൽ കേടുവന്നതു് തൃശ്ശിവപേരൂർ ഡപ്പോവിൽ കിടപ്പുണ്ടു്;

(ഡി) ചിറ്റൂക്കു് വേണ്ട അരി അവിടെ സൂക്ഷിക്കാതെ പിന്നീടു് പച്ചരി, വെള്ളത്തിലിട്ടാൽ അലിയുന്ന അരി, ചിറ്റൂക്കാക്കു വിതരണം ചെയ്യുന്നുണ്ടോ; അതിനാൽ അർശസ്സു കേസുകളും ഉണ്ടായിട്ടില്ലേ;

(ഇ) അടുത്തകാലത്തു ചോറാക്കാൻ കൊള്ളാത്ത അരി മട്ടാഞ്ചേരി ഡപ്പോവിൽ നിന്നു ലേലം വിളിച്ചിട്ടുണ്ടോ;

(എഫ്) ലേലം വിളിപ്പാൻ കാണിച്ചുകൊടുത്ത അരിതന്നെയോ ലേലംകൊണ്ടാൾക്കു കൊടുത്തതു്;

(ജി) ഇപ്പോൾ ആഹാരത്തിനു് ഉപയോഗശൂന്യമായ അരി ആ ഡപ്പോവിൽ എത്രയുണ്ടു്;

(എച്ച്) ഈവക നഷ്ടങ്ങൾ വരുത്തിയ ഉദ്യോഗസ്ഥന്മാരെ ശിക്ഷക്കു് അർഹരാക്കിയിട്ടുണ്ടോ;

(ഐ) കൊല്ലംപ്രതി ഈവക നഷ്ടങ്ങൾ വരുന്നതിനു പരിഹാരം കണ്ടുപിടിക്കാൻ വഹിയാത്ത ഹെഡ്ഡിനെ തസ്തിക നീട്ടിക്കൊടുത്തു പുലർത്തിവരുന്നതു് എന്തുദ്ദേശത്തിനെല്ലാണു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ :

(എ) ഭക്ഷ്യവകുപ്പിൽ കൈക്കൂലി നടമാടുന്നുണ്ടെന്നു ഗവർമ്മെണ്ടിനു് അറിവില്ല. ഗവർമ്മെണ്ടിന്റെയൊ, ഡിപ്പാർട്ടുമെണ്ടിന്റെയൊ ശ്രദ്ധയിൽ പെട്ടിട്ടുള്ള എല്ലാ ക്രമക്കേടു കേസുകളിലും അന്വേഷണംനടത്തി വേണ്ടതുക്കു നടപടികളും അപ്പോഴപ്പോൾ എടുത്തിട്ടുണ്ടു്.

(ബി) അജാഗ്രതകൊണ്ടു ധാന്യങ്ങൾ ഭക്ഷ്യശൂന്യമായിപ്പോയിട്ടില്ല. അങ്ങിനെ ഉണ്ടായിട്ടുള്ളതായി അറിവുമില്ല. പക്ഷെ, കപ്പലിൽ വരുന്ന അരിയിൽ ചിലതു വരുമ്പോഴേതന്നെ കേടുള്ളതുണ്ടാകും. അത്തരം അരി ഭക്ഷ്യശൂന്യമാണെന്നു കണ്ടാൽ കന്നുകാലികൾക്കു കൊടുക്കുവാനായി വില്ക്കുകയും ചെയ്യും.

(സി) തൃശ്ശിവപേരൂർ ഡപ്പോവിൽ ഡബ്ലിയു—ഡ—ന്റെ ശേഖരത്തുക്കം നൂറുക്കരി കിടപ്പുണ്ടു്. അതു വെടിപ്പാക്കിത്തീർത്താൽ മാത്രമെ ഭക്ഷ്യശൂന്യമായി അതിൽ എത്രയുണ്ടെന്നു പറയാവൂ.

(ഡി) ഭക്ഷ്യവിതരണത്തിനു് അരി തീരെ ദുർല്ലഭമായിരുന്ന ഘട്ടത്തിൽ ചിറ്റൂരിൽ തല്ക്കാലാവശ്യം കഴിച്ചു് അധികമുള്ള അരി മറുപ്രദേശങ്ങളിൽ വിതരണം ചെയ്യുകയും പിന്നീടു് ചിറ്റൂരിൽ അരി പോരാതെവന്നപ്പോൾ സാധാരണ മറുപ്രദേശങ്ങളിൽ വിതരണം ചെയ്യുന്ന തരം അരി ചിറ്റൂരും വിതരണം ചെയ്കയും ഉണ്ടായിട്ടുണ്ടു്. പച്ചരിയും അക്കൂട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ടു്. പക്ഷെ, വെള്ളത്തിലിട്ടാൽ അലിയുന്ന അരി വിതരണം ചെയ്തിട്ടില്ല. അരിയുടെ ദുഷ്യംകൊണ്ടു് അർശസ്സു കേസുകൾ ഉണ്ടായതായി അറിവില്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. Ikkanda Warrier]

(എഫ്) മേൽ (ഇ) എന്ന ഉപവകുപ്പിലെ ഉത്തരംകൊണ്ട് ഇതിനു മറുപടി ആവശ്യമില്ല.

(ജി) ചോദ്യം ഉത്തരക്കം.

(എച്ച്) ഉദ്യോഗസ്ഥന്മാർ മുഖാന്തിരം നഷ്ടം വന്നിട്ടില്ലാത്തതിനാൽ അവരെ ശിക്ഷക്കു് അർഹരാക്കേണ്ട ആവശ്യം വന്നിട്ടില്ല.

(ഐ) മുൻ ഉത്തരംകൊണ്ടു് ഇതിനും ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഒന്നിൽ അധികം ആളുകളെ അവരുടെ ഉദ്യോഗം സംബന്ധിച്ചുള്ള ക്രമക്കേടുകൊണ്ടു ശിക്ഷിച്ചിട്ടുള്ളതായി പറയുവാൻ സാധിക്കുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇതിനു മുമ്പുതന്നെ ര ഡ ആളുകളെ അവരുടെ ഉദ്യോഗസംബന്ധമായ വീഴ്ചകൾക്കു ശിക്ഷിക്കയുണ്ടായിട്ടുണ്ടു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: എന്തെല്ലാം കേസ്സുകൾ ഉണ്ടായിട്ടാണു് ഈ ര ഡ ആളുകളെ ശിക്ഷിക്കേണ്ടതായിട്ടു വന്നിട്ടുള്ളതു്. അവക്കു് എന്തു് ശിക്ഷകളാണു് കൊടുത്തിട്ടുള്ളതു്;

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: സസ്പെൻഡ് ചെയ്യുക; (Suspend) വാർണിങ്ങ് (Warning) കൊടുക്കുക മുതലായ പല ശിക്ഷകളും കൊടുത്തിട്ടുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: വാർണിങ്ങ് (Warning) എന്നുപറഞ്ഞാൽ എത്രതരത്തിലുള്ള ശിക്ഷയാണു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നിസ്സാരമായിട്ടു് വല്ല കുറ്റങ്ങളും ചെയ്താൽ മേലാൽ അപ്രകാരമുള്ള കുറ്റങ്ങൾ ചെയ്യാതിരിക്കുവാൻവേണ്ടി കൊടുക്കുന്ന ഒരു ശിക്ഷയാണു് വാർണിങ്ങ് (Warning) എന്നു പറയുന്നതു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: ചോദ്യം "ബി"യിൽ ഭക്ഷ്യധാന്യമായിട്ടു് കാണുന്ന അരി കന്നുകാലികൾക്കു കൊടുക്കുവാനായി വില്ക്കും എന്നുപറയുന്നുണ്ടു്. അതു എപ്പോഴാണു് ഭക്ഷ്യധാന്യമാകുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: മനുഷ്യർക്കു ഭക്ഷിക്കുവാൻ കൊള്ളാത്തരീതിയിൽ ചീത്തയായ അരിയാണെങ്കിൽ അതു് കന്നുകാലികൾക്കു കൊടുക്കുവാൻ ലേലം വിളിക്കുന്ന പതിവുണ്ടു്. അതു് എപ്പോഴും അങ്ങിനെ ഉണ്ടാവാറുണ്ടു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: നമുക്കാവശ്യമുള്ള അരി ബോമ്പെയിൽനിന്നും മറ്റും വാങ്ങിക്കുമ്പോൾ നോക്കി വാങ്ങിക്കാത്തതുകൊണ്ടല്ലെ ഇങ്ങിനെ ചീത്തയായിപ്പോകുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇതു് ചീത്തയാകുവാൻ അധികകാലം ഒന്നും വേണ്ടിവരികയില്ല. കപ്പലിൽവെച്ചും മറ്റും കേടുവരുന്നതാണു്.

മിസ്റ്റർ വി. കെ. ജോസഫ്: ഭക്ഷണസാധനങ്ങൾ ഉപയോഗശൂന്യമായി വരുന്നതു് ഉദ്യോഗസ്ഥന്മാരുടെ അജാഗ്രതകൊണ്ടാണോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഉദ്യോഗസ്ഥന്മാരുടെ അജാഗ്രതകൊണ്ടാണെന്നു പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ വി. കെ. ജോസഫ്: നമ്മുടെ (Godown) ഗോഡൗണുകളിൽ ടിന്നുകളിൽ കുത്തിക്കി വന്നിട്ടുള്ള മാംസസാധനങ്ങൾ കേടുവന്നിട്ടുള്ളതായി ഗവർമ്മേണ്ടിന്നറിയാമോ.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിനു നോട്ടീസ്സുവേണം.

മിസ്റ്റർ എ. ഈച്ചരമേനോൻ: ചിറ്റൂരിൽ പച്ചരി വിതരണം ചെയ്ത കാലത്തല്ലെ കോളറ ഉണ്ടായിട്ടുള്ളതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഈ അരി കഴിച്ചതുകൊണ്ടാണു് കോളറ ഉണ്ടായിട്ടുള്ളതെന്നു പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: രണ്ടുദിവസംമുമ്പു വായിച്ച ലിസ്റ്റിൽ ചിറ്റൂരിൽ രണ്ടു കെയ്സ്സു് കോളറ ഉണ്ടായിരുന്നു എന്നുണ്ടു്. അതു ഈ അരി കൊടുത്തകാലത്തല്ലേ. ഈ ഡോക്ടർമാർ പറഞ്ഞിട്ടുള്ളതാണു്. അവർ Chlorine dyrsphea എന്നാണു് പറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അങ്ങിനെ അറിവില്ല. അങ്ങിനെ പറഞ്ഞിട്ടുള്ളതു എല്ലാ ഡോക്ടർ ആണെന്നു അറിഞ്ഞാൽ തരക്കേടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ടിന്നിൽ വരുന്ന (Flesh-ം, Fish-ം) ഫ്ളെഷും, ഫിഷും ഉപയോഗിക്കാവുന്നതാണെങ്കിൽ അതു വേഗത്തിൽ വിൽക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകൂടെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതു് ഉള്ളിടത്തോളം അങ്ങിനെ വിൽക്കുവാൻ ഏർപ്പാടുചെയ്യാം.

ഡോക്ടർ (മിസിസ്സ്) ടി. ഫ്രാൻസിസ്സ്: (Tin-Food) ടിൻ ഫുഡ് വന്നിട്ട് എത്ര കാലമായിട്ടുണ്ടു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിനെപ്പറ്റി അന്വേഷണം നടത്തിയില്ലാതെ പറിയാൻ നിവർത്തിയില്ല.

ഡോക്ടർ (മിസിസ്സ്) ടി. ഫ്രാൻസിസ്സ്: ഇതു ഭക്ഷിക്കാൻ തക്കതാണൊ എന്നകൂടെ പരിശോധിച്ചിട്ടുവേണം വില്ക്കുവാൻ.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: വേണ്ടപോലെ പരിശോധിച്ചശേഷമെ കൊടുക്കുകയുള്ളൂ.

Mr. K. I. Velayudhan *(Pazhanji)* I may be allowed to put questions 220 and 221 together.

Mr. President: Yes.

NON-ADMITTANCE OF CHRISTIAN PUPILS OR TEACHERS IN THE VIVEKODAYAM BRANCH SCHOOL AT PUNKUNNAM—COMPLAINTS REGARDING

220. (212) **Mr. K. I. Velayudhan** *(Pazhanji):* Will Government be pleased to state whether they are aware of the fact that Christians are not admitted to the branch of the Vivekodayam Girls' High School run at Punkunnam either as teachers or as pupils?

Mr. C. A. Ouseph *(Minister for Education and Public Health):* Christians are admitted as pupils in the Vivekodayam Girls' High School, run at Punkunnam. There are no teachers.

CASTE-WAR STATEMENT OF PUPILS AND TEACHERS OF VIVEKODAYAM SCHOOL AT PUNKUNNAM—FURNISHING OF

221. (214) **Mr. K. I. Velayudhan** *(Pazhanji):* Will Government be pleased to lay on the table of the House a caste-war statement of pupils and teachers of the branch of the Vivekodayam Girls' High School at Punkunnam?

Mr. C. A. Ouseph *(Minister for Education and Public Health):*

A caste-war statement of the pupils and teachers of the school is appended. (Vide Appendix I).

മിസ്റ്റർ കെ. ഐ. വേലായുധൻ: പൂങ്കുന്നത്തു് വിവേകോദയം(Girls' High School) ഗേൾസ്സ് ഹൈസ്കൂളിനോടടുത്തു് ശ്രീരാമക്ഷേത്രം എന്നു പറയുന്ന ഒരു ക്ഷേത്രം ഊട്ടുപുരയോടടുത്തുള്ളതായിട്ട് ഗവർമ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അറിയുകയില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ബഹുമാനപ്പെട്ട മന്ത്രി ആ സമയത്തു പോയി നോക്കീട്ടുണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഞാൻ പോയി നോക്കീട്ടില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവർണ്ണരായിട്ട് ആരെങ്കിലും വിവേകോദയം ഹൈസ്കൂളിൽ ഉണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അവിടെ ക്രസ്ത്യൻ അദ്ധ്യാപകന്മാർ മാത്രം ഇല്ലാത്ത കാരണം എന്താണു്?

മിസ്റ്റർ സി. എ. ഔസേപ്പ്: ആ സമുദായത്തിലുള്ള ആൾക്കാർ ആരും വേണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടായിരിക്കുകയില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഒരു ക്രസ്ത്യൻ അദ്ധ്യാപകൻ ആ സ്കൂളിൽ പോയി ജോയിൻ(Joint)ചെയ്യുവാൻ ചെന്നഅവസരത്തിൽ അതു സമ്മതിക്കാതിരുന്നിട്ടുള്ള സംഭവത്തെപ്പറ്റി അറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിന്നു് നോട്ടീസ്സുവേണം.

Mr. President: This question is wider than what is intended.

LIBRARY ARCHIVES Kerala Legislative Assembly